"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - കേരള സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (സിഡ്കോ) - തടി / സ്റ്റീൽ ഫർണിച്ചറുകൾ, ആശുപത്രി ഫർണിച്ചറുകൾ എന്നിവ ടെൻഡർ നടപടികൾ ഇല്ലാതെ സർക്കാർ /അർദ്ധ സർക്കാർ / തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നേരിട്ട് വിപണനം നടത്തുന്നത് - സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഇളവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.134/2024/SPD തീയതി,തിരുവനന്തപുരം, 25-11-2024

---

പരാമർശം:-
1. 28.05.2015-ലെ സ.ഉ. (സാധാ.) നം.26/2015/SPD ഉത്തരവ്.
2. 16.12.2023-ലെ സ.ഉ. (സാധാ.) നം.147/2023/SPD ഉത്തരവ്.
3. സിഡ്കോ മാനേജിംഗ് ഡയറക്ടറുടെ 06/11/2024-ലെ പി 1/ 3885/2008/24-25 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (സിഡ്കോ) നിർമ്മിത തടി / സ്റ്റീൽ ഫർണിച്ചറുകൾ, ആശുപത്രി ഫർണിച്ചറുകൾ എന്നിവ ടെൻഡർ നടപടികൾ ഇല്ലാതെ സർക്കാർ നിരക്കിൽ നേരിട്ട് സർക്കാർ /അർദ്ധ സർക്കാർ / തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിന്, 2013-ലെ പുതുക്കിയ സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഒരു വർഷത്തേക്ക് ഇളവ് നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത ഇളവിന്റെ കാലാവധി സമയോചിതമായി പുതുക്കി നൽകിയിരുന്നു. ഇപ്രകാരം ഏറ്റവും ഒടുവിൽ ടെൻഡർ ഇളവ് അനുവദിച്ച് പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന്റെ കാലാവധി 22.12.2024-ന് അവസാനിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഇളവ് കാലാവധി തുടർന്നും രണ്ടു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് 'സിഡ്കോ' മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1)-ലെ ഉത്തരവ് പ്രകാരം വിലനിർണ്ണയം നടത്തിയ 'സിഡ്കോ'ഉല്പന്നങ്ങൾ അതേ നിരക്കിൽ സർക്കാർ / അർദ്ധ സർക്കാർ /തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ടെൻഡർ നടപടി കൂടാതെ നേരിട്ട് വിപണനം നടത്തുന്നതിന് **23.12.2024 മുതൽ ഒരു വർഷത്തേക്ക്** സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23-ൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടാത്ത സിഡ്കോ ഉല്പന്നങ്ങളുടെ വിപണനം സ്റ്റോർസ് പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെൻഡർ / ക്വട്ടേഷൻ നടപടി ക്രമങ്ങൾക്ക്

വിധേയമായി മാത്രമേ നടത്തുവാൻ പാടുള്ളൂ.

3. ടെൻഡർ ഇളവ് അനുവദിച്ചിട്ടില്ലാത്ത സിഡ്കോ ഉല്പന്നങ്ങൾ വാങ്ങുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെൻഡർ നടപടി ക്രമങ്ങൾ കൃത്യമായി പാലിക്കുവാൻ പർച്ചേസിംഗ് ഓഫീസർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്മിത എസ്
ജോയിന്റ് സെക്രട്ടറി

പകർപ്പ് :-

എല്ലാ വകുപ്പ് തലവന്മാർ / ഓഫീസുകൾ / പൊതുമേഖലാ സ്ഥാപനങ്ങൾ /തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുതലായവയ്ക്ക്.

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്ക്.

എല്ലാ ജില്ലാ കളക്ടർമാർക്കും.

ഗ്രാമ വികസന കമ്മീഷണർ (എല്ലാ ബ്ലോക്ക് പഞ്ചായത്തുകളെയും അറിയിക്കുന്നതിന്).

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എല്ലാ ഗ്രാമ പഞ്ചായത്തുകളെയും അറിയിക്കുന്നതിന്).

ഡയറക്ടർ നഗരകാര്യ വകുപ്പ് (എല്ലാ മുനിസിപ്പാലിറ്റികളെയും കോർപ്പറേഷനുകളെയും അറിയിക്കുന്നതിന്).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരളം, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കേരള സ്മോൾ ഇൻഡസ്ട്രീസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ, സിഡ്കോ, പി ബി നം 50, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ , തിരുവനന്തപുരം - 695001.

സി-ഡിറ്റ്, ചിറ്റാഴം, ലാവണ്യ ബിൽഡിംഗ്സ്, എസ് എം എസ് എം ഇൻസ്റ്റിറ്റ്യൂട്ടിനു പിറകു വശം, സ്റ്റാച്യൂ തിരുവനന്തപുരം (ഉത്തരവ് സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ വെബ്സൈറ്റിൽ ചേർക്കുന്നതിന്).

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
(ഉത്തരവ് സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്).

വ്യവസായ (എഫ്) വകുപ്പ് (ഫയൽ നം. IND-F2/429/2024 പ്രകാരം).

സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും (ഇ -ഓഫീസ് മുഖേന).

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ